# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| റവന്യൂ ജില്ല | കാസർഗോഡ് |
| സ്കൂൾ കോഡ് | 11073 |
| സ്കൂളിന്റെ പേര് | ജി . എച്ച്. എസ്. മുന്നാട് |
| മേൽവിലാസം | മുന്നാട് പി ഒ, കാസർഗോഡ് |
| പിൻകോഡ് | 6 7 1 5 4 1 |
| ഇമെയിൽ അഡ്രസ് | 11073@gmail.com |
| ഗ്രാമപഞ്ചായത്ത് | ബേഡഡുക്ക |
| സബ്ജില്ല | കാസർഗോഡ് |
| വിദ്യാഭ്യാസ ജില്ല | കാസർഗോഡ് |
| ക്ലാസുകൾ | 8 മുതൽ 10 വരെ |
| പഠന മാധ്യമം | മലയാളം |

# അക്കാദമിക മാസ്ററർ പ്ലാൻ

**ആമുഖം**

കേരളസർക്കാർ വിജയകരമായി നടപ്പിലാക്കിയ വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം എന്ന നൂതന പദ്ധതി നടപ്പിലാക്കി വരികയാണ്. ഓരോ കുട്ടിയുടെയും  കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞു കൊണ്ട്  എല്ലാവരേയും മികവിന്റെ പാതയിലെത്തിക്കുക എന്നതാണ് ലക്ഷ്യം. അതിനെ മുൻനിർത്തിയാണ് നടപ്പ് വർഷത്തെ അക്കാദമിക മാസ്ററർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

കഴിഞ്ഞ വർഷത്തെ മാസ്ററർ പ്ലാൻ വിജയകരമായി നടപ്പിലാക്കിയതിന്റെ ആത്മവിശ്വാസത്തിലാണ്  മുന്നാട് ഗവ. ഹൈസ്കൂൾ ഈ അധ്യയന വർഷത്തെ പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തിരിക്കുന്നത്.  അക്കാദമികവും അക്കാദമികേതരവുമായ മേഖലകളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചതിന്റെ തുടർച്ച ഇത്തവണത്തെ പ്രവർത്തനങ്ങളിലും ഉണ്ടാകുമെന്നതിന് ഈ മാസ്റ്റർ പ്ലാൻ തെളിവാണ്.

എഴുതാനും വായിക്കാനും അറിയാത്ത കുട്ടികൾ ഇല്ലാതിരിക്കുക,ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഫലപ്രദമായ രീതിയിൽ കൈത്താങ്ങ് നല്കുക,ഓരോ കുട്ടിയിലെയും ശേഷികൾ കണ്ടെത്തി പരിപോഷിപ്പിക്കുക തുടങ്ങി സമഗ്രഗുണമേന്മയിലേക്ക് നയിക്കുന്ന പ്രവർത്തന പദ്ധതികളുടെ ഈ രൂപരേഖ സ്കൂളിന്റെ മികവിന് നാഴികക്കല്ലാകുമെന്ന പ്രതീക്ഷയോടെ സമപ്പിക്കുന്നു.

വിശ്വസ്തതയോടെ

എസ്.ആർ.ജി കൺവീനർ — ഗവ. ഹൈസ്കൂൾ മുന്നാട്

ഹെഡ്മാസ്റ്റർ — ഗവ. ഹൈസ്കൂൾ മുന്നാട്

# ഗവൺമെൻറ് ഹൈസ്കൂൾ മുന്നാട്

എട്ട് അധ്യാപകരും നാല് അനധ്യാപകരും അടങ്ങുന്ന സ്റ്റാഫ്. 196 കുട്ടികൾ പഠിക്കുന്നു. ജില്ലയിൽ തന്നെ ജൈവവൈവിധ്യം കൊണ്ട് സമ്പന്നമായ സ്കൂൾ പരിസരം. ശതാവരിക്കുന്ന് എന്ന് നാടാകെ അറിയപ്പെടുന്ന ജിഎച്ച്എസ് മുന്നാട് അച്ചടക്കത്തിന്റെയും അക്കാദമിക മികവിന്റെയും കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. കുട്ടികൾക്കായി അധ്യാപകർ ഒരുക്കിയ ഫലവൃക്ഷത്തോട്ടം സ്കൂളിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു. പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

# അക്കാദമിക നേട്ടങ്ങൾ

കാസർഗോഡ് ജില്ലയിൽ ഇന്ന് അക്കാദമിക നിലവാരത്തിൽ മറ്റു സ്കൂളുകളോട് മത്സരിച്ച് മുന്നേറുന്ന മുന്നാട് ഗവൺമെൻറ് ഹൈസ്കൂൾ 14 വർഷം തുടർച്ചയായി 100% വിജയം കൈവരിച്ചു വരുന്നു. 2024ലെ എസ്എസ്എൽസി പരീക്ഷയിൽ 52 കുട്ടികൾ പരീക്ഷ എഴുതി. അതിൽ 12 കുട്ടികൾക്ക് മുഴുവൻ വിഷയങ്ങളിൽ A+സും രണ്ടു കുട്ടികൾക്ക് 9 വിഷയങ്ങളിൽ A+ സും ലഭിച്ചു. NMMS പരീക്ഷയിൽ വിജയം കൈവരിക്കാനും കുട്ടികൾക്ക് സാധിച്ചു. മലയാളം പഠനം മാധ്യമമായി നിലനിൽക്കുന്ന ഈ സ്കൂളിൻറെ മിന്നുന്ന വിജയം തീർത്തും ഒരു വിസ്മയമായി നാടാകെ കാണുന്നു. പാഠ്യേത രംഗത്തും മിന്നുന്ന പ്രകടനം കാഴ്ചവയ്ക്കാൻ ജിഎച്ച്എസ് മുന്നാടിലെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. സംസ്കൃത കലോത്സവത്തിൽ കിരീടം നേടാനും പൊതുവിഭാഗം മത്സരങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാനും ഗവൺമെൻറ് ഹൈസ്കൂൾ മുന്നാടിന് സാധിച്ചു.എൻ എം എം എസ് പോലുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് കൂടുതൽ കുട്ടികളെ ഇരുത്തി പരിശീലനം നൽകുന്നു. കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിച്ച് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാൻ ഉതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു. ജെ ആർ സി ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ യൂണിറ്റുകളിലൂടെ കുട്ടികളിൽ പഠനത്തോടൊപ്പം സേവനമനോഭാവം വർദ്ധിപ്പിക്കാൻ കഴിഞ്ഞു.പഠന മാധ്യമം മലയാളം മാത്രമായി പ്രവർത്തിച്ചുവരുന്ന ഗവൺമെൻറ് ഹൈസ്കൂൾ മുന്നാടിന്റെ വിജയങ്ങളും നേട്ടങ്ങളും അക്കാദമിക മികവിന്റെ ഏറ്റവും വലിയ തെളിവുകളാണ്.

## അക്കാദമികം

## പരിമിതികൾ

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തി കുട്ടികൾ മികച്ച വിജയം നേടുന്നു. എങ്കിലും എല്ലാ ക്ലാസ് മുറികളിലേയും പ്രോജക്ടർ പ്രവർത്തന ക്ഷമമല്ല എന്നത് വലിയ പരിമിതിയായി കാണുന്നു. നിലവിൽ ആറ് ക്ലാസ് മുറികളിൽ മൂന്ന് ക്ലാസ് മുറിയിലെ പ്രൊജക്ടർ മാത്രമേ ശരിയായി പ്രവർത്തിക്കുന്നുള്ളൂ. അതുപോലെ സയൻസ് ലാബിൽ ഉപകരണങ്ങളുടെ അപര്യാപ്തത കുട്ടികളിൽ പ്രവർത്തിച്ചും നിരീക്ഷിച്ചും അന്വേഷണാത്മകമായി പഠിക്കാനുള്ള അവസരങ്ങൾ കുറയ്ക്കുന്നു. സ്കൂൾ ഗ്രാമന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് ഇടയ്ക്കിടെയുള്ള പവർകട്ട് സ്കൂളിലെ പല പ്രവർത്തനങ്ങൾക്കും തടസ്സമാകുന്നു. ഇൻവെർട്ടർ സൗകര്യം ലഭിച്ചാൽ പഠനാന്തരീക്ഷം കുറച്ചുകൂടി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. അധ്യാപകർക്കുള്ള ഹാൻഡ്ബുക്കിന്റെ അപര്യാപ്തതയും ഒരു പ്രയാസമായി കാണപ്പെടുന്നു.

അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട
പ്രവർത്തനങ്ങൾ-വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനശേഷി വർദ്ധിപ്പിക്കൽ
5. സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
6. ലൈബ്രറി ശാക്തീകരണം
7. ശാസ്ത്ര പോഷണ പരിപാടി
8. പ്രതിഭാ പോഷണ പരിപാടി
9. ലബോറട്ടറി നവീകരണം ശാസ്ത്രം, ഗണിതം, സോഷ്യൽ സയൻസ്
10. സാഹിത്യ ശില്പശാലകൾ
11. സ്കൂൾ പത്രം
12. പഠനയാത്രകൾ
13. പ്രവർത്തി പരിചയ പരിശീലനം
14. കലാപരിപോഷണം
15. പച്ചക്കറിത്തോട്ടം
16. ലഘുഭക്ഷണം കാര്യക്ഷമമായി പഠനത്തിന് സജ്ജമാക്കൽ
17. അധ്യാപക ശാക്തീകരണം SRG തലം
18 . ഗവേഷണാത്മക പഠനം
19. സ്കൂൾ ലാബ് കാര്യക്ഷമമാക്കൽ
20. ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
21. കായിക ശേഷി വികസനം
22. ജന്മദിന പുസ്തകം
23. ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ

24. ശാസ്ത്ര,ഗണിത,സോഷ്യൽ സയൻസ്, ഐ.ടി,പ്രവർത്തി പരിചയം മേളകൾ

25. ഐടി പഠനം കാര്യക്ഷമമാക്കൽ

## ഗവ. ഹൈസ്കൂൾ മുന്നാട് 2025- 26
## അക്കാദമിക മാസ്റ്റർപ്ലാൻ
## മലയാളം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| 1. | അക്ഷരജ്ഞാനം ഉറപ്പിക്കുക. | ചിഹ്നങ്ങൾ ഇല്ലാതെ എഴുതിയ വാക്കുകൾ, വാക്യങ്ങൾ നൽകുന്നു. ചിഹ്നങ്ങൾ ചേർക്കാനാവശ്യപ്പെടുന്നു. തുടർന്ന് വായിക്കുന്നു. ശരിയാക്കി എഴുതുന്നു. എത്ര ശരികൾ എന്ന് വിലയിരുത്തുന്നു. വർക്ക്ഷീറ്റുകൾ കൊടുത്ത് വിലയിരുത്തുന്നു.<br><br>ദിനാചരണങ്ങൾ:<br>വിദ്യാരംഗം കലാസാഹിത്യവേദി രൂപീകരണം. | അധ്യാപിക, മുന്നോക്കം നിൽക്കുന്ന കുട്ടികൾ. | ജൂൺ മുതൽ പഠന പ്രവർത്തനങ്ങളോടൊപ്പം | പി.ടി.എ |
| 2. | അക്ഷരങ്ങളുടെ ഉച്ചാരണം ഉറപ്പിക്കുക. | ക,ഖ,ഗ,ഘ മുതലായ ഉച്ചാരണം തെറ്റിക്കുന്ന അക്ഷരങ്ങൾ വരുന്ന പദങ്ങൾ പറയുന്നു. എഴുതുന്നു.<br>ഉദാ:- കാക്ക, നഖം<br>വിഷം, പശ<br>ഗണപതി, മേഘം<br>അവ നോട്ടിൽ എഴുതുന്നു. വായിക്കുന്നു.<br><br>വർക്ക് ഷീറ്റ്–<br>കുയിൽ കണ്ണാടിയിൽ മുഖം കണ്ടു.<br>ജിഷ പേനയിൽ മഷി നിറച്ചു.<br>ഇവയിൽ അക്ഷരങ്ങൾ വിട്ടു കൊണ്ടുള്ള വർക്ക് ഷീറ്റുകൾ നൽകി ആവർത്തിക്കുന്നു. കുട്ടികളെ കൊണ്ടു തന്നെ പരിശോധിപ്പിക്കുന്നു. | അധ്യാപിക, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | പഠന പ്രവർത്തനങ്ങളോടൊപ്പവും അധിക സമയം കണ്ടെത്തിയും. | പി.ടി.എ |
| 3. | വായന ശീലം പോഷിപ്പിക്കൽ | പ്രസിദ്ധമായ ചില കഥകളുടെ കോപ്പി കുട്ടികൾക്ക് നൽകുന്നു. (ഓരോ തവണയും ഒരേ കഥയുടെത്.) വായിപ്പിക്കുന്നു. വായനയുടെ വിവിധ രൂപങ്ങളിലൂടെ കടന്നുപോയിക്കൊണ്ട്.രണ്ടാഴ്ച കഴിയുമ്പോഴുള്ള വെള്ളിയാഴ്ച സർഗ്ഗവേളയുടെ സമയത്ത് കഥാചർച്ച / ആവിഷ്കാരം/ ആസ്വാദനം എന്നിവയിലൂടെ ആസ്വാദനത്തിലേക്ക്. | അധ്യാപകരും വിദ്യാർഥികളും | വർഷം മുഴുവൻ | പി.ടി.എ |

**ഗവ.ഹൈസ്കൂൾ മുന്നാട് 2025- 26**
**അക്കാദമിക മാസ്റ്റർപ്ലാൻ**

**സംസ്കൃതം**

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനമുള്ള ശേഷി വികസിപ്പിക്കൽ. പഠന നേട്ടങ്ങൾ ഉറപ്പുവരുത്തൽ, പാഠ ഭാഗങ്ങൾ ആകർഷകമാക്കൽ. | പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. വർക് ഷീറ്റുകൾ ലഭ്യമാക്കുന്നു.പാഠഭാഗ ങ്ങൾ ആകർഷകമാക്കാൻ ഓഡിയോ, വീഡിയോ എന്നിവ പ്രദർശിപ്പിക്കുന്നു. ക്ലബ് രൂപികരണം. | അധ്യാപിക | ജൂൺ-മാർച്ച് | |
| 2 | അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കുക. | നിഘണ്ടു നിർമ്മാണം. | അധ്യാപിക | ജൂൺ-മാർച്ച് | |
| 3 | സാഹിത്യാഭിരുചി വളർത്തൽ. | വിവിധ സാഹിത്യശാഖകളെ പരിചയപ്പെടുത്തൽ. കഥ,കവിത, സുഭാഷിതങ്ങൾ എന്നിവ രചിച്ച്/ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ. | അധ്യാപിക | ജൂൺ-മാർച്ച് | |
| 4 | സർഗാത്മക കഴിവുകൾ പോഷിപ്പിക്കൽ | സംസ്കൃത അസംബ്ലി, സംസ്കൃത ദിനം, സംസ്കൃതോത്സവം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമ്മാണം | അധ്യാപകർ സംസ്കൃതം ക്ലബ് | ജൂൺ -മാർച്ച് | പി ടി എ |
| 5 | പ്രശ്നോത്തരി, മത്സര പരീക്ഷ എന്നിവയ്ക്കുള്ള പരിശീലനം നൽകൽ | സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, പ്രശ്നോത്തരി തുടങ്ങിയവയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ, ആനുകാലികങ്ങൾ, മാതൃകാ ചോദ്യപേപ്പറുകൾ എന്നിവ ലഭ്യമാക്കുന്നു. | അധ്യാപിക | ജൂലൈ- ജനുവരി | |
| 6 | ഭാഷാ പഠനത്തിനുള്ള വിവിധ നൈപുണികൾ വർധിപ്പിക്കൽ | ഭാഷാ കേളികൾ, ചോദ്യോത്തര കേളികൾ, ലഘുനാടകം,സംഭാഷണം എന്നിവയുടെ അവതരണം, ഐ.സി.ടി ഉപയോഗിച്ച് കൊണ്ട് ഷോർട് ഫിലിം,നാടകം, സിനിമ തുടങ്ങിയവയുടെ പ്രദർശനം | അധ്യാപിക കുട്ടികൾ | ജൂൺ-മാർച്ച് | |

ACADEMIC MASTER PLAN ENGLISH 2025-26
GHS MUNNAD

| sl | Objectives | Activities | Duration | Charge | Expense |
|---|---|---|---|---|---|
| 1. | Expand Writing Skill | .English Diary Writing<br>.Essay Writings<br>.Appreciatio-n Writing<br>.Report Writing | June- Feb<br><br>Along with classroom activities | English Teacher | |
| 2. | Develop Communicative Skill | .English Assembly<br>.English Club<br>.English Day<br>.Role Plays<br>.Spoken English Class | Once in a month | English Teacher | PTA |
| 3. | Improve Vocabulary | .Reading English Text Daily<br>.Reading Articles, Short Stories and News Paper | Along with classroom activities | English Teacher | |
| 4. | Construct Effective Language | .Watch interviews<br>.Watch English Movies | Along with classroom activities | English Teacher | |
| . | | | | | |

# ജി. എച്ച്. എസ്. മുന്നാട്
# അക്കാദമിക മാസ്റ്റർ പ്ലാൻ
# ഹിന്ദി
## 2025-2026

.

---

## പൊതുവായ ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് വളർത്തുയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശ സ്നേഹവും വളർത്തിയെടുക്കുക.
- ഭിന്ന ശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നല്കി മികവ് നേടാൻ പ്രാപ്തരാകുക.

# എട്ടാം തരം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകനം |
|---|---|---|---|---|---|
| 1. | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.<br><br>ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br><br>അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നല്കുന്നു.<br><br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br><br>ഓഡിയോ വിഷ്വൽ സഹായത്തോ ടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br><br>ജൂൺ<br><br>ജൂലൈ | ഹിന്ദി അദ്ധ്യാപിക | |
| 2. | ആഴ്ചയുടെ പേര്, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർഥിയുടെയും ജനന തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു.<br><br>വർക്ക് ഷീറ്റുകൾ നല്കുന്നു.<br><br>ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br><br>ഓഗസ്റ്റ്<br><br>സെപ്തംബർ | ഹിന്ദി അദ്ധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| 3. | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br><br>വായന പരിശീലനത്തിന് അധിക പ്രാധാന്യം നല്കുന്നു.<br><br>കാർട്ടൂൺ,ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നല്കുന്നു<br><br>കാർട്ടൂൺ, ചിത്ര കഥ, ചെറിയ കവിതകൾ തുടങ്ങിയവ വായനക്കായി നല്കുന്നു. | ഡിസംബർ<br><br>ജനുവരി | ഹിന്ദി അദ്ധ്യാപിക | |

## ഒൻപതാം തരം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4. | ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം | വർക്ക് ഷീറ്റുകൾ നല്കുന്നു. | ജൂൺ | ഹിന്ദി അദ്ധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| | നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നല്കുന്നു. | ചി ത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നല്കുന്നു. | ജൂലൈ | | |
| 5. | നാമം,സർവനാമം, വിശേഷണം എന്നിവ മനസിലാക്കുന്നു.<br><br>വാക്യ ഘടന പരിചയപ്പെടുത്തുന്നു. | ചാർട്ടുകൾ നല്കുന്നു.<br>അതിൽ നിന്നും സർവനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br><br>കവിത, കഥ എന്നിവ പൂരിപ്പിക്കുവാൻ നല്കുന്നു.<br><br>സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ്<br><br>സെപ്തംബർ | ഹിന്ദി അദ്ധ്യാപിക | |
| 6. | പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു.<br><br>കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നല്കുന്നു.<br><br>വിവിധ വിഷയങ്ങൾ നല്കുന്നു.<br><br>ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ | നവംബർ<br><br>ഡിസംബർ | ഹിന്ദി അദ്ധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| | | നിർണയം നടത്തുന്നു.<br><br>ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | | | |

**പത്താം തരം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 7. | കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വസ്തുത കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു<br><br>സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ജൂൺ<br><br>ജൂലൈ | ഹിന്ദി അദ്ധ്യാപിക | |

| | | | | | |
|---|---|---|---|---|---|
| 8. | സാഹിത്യാഭിരുചി വളർത്തുക.<br><br>ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോൽസവം നടത്തുക. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമാണം എന്നിവ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ്<br><br>സെപ്തംബർ<br><br>ഒക്ടോബർ | ഹിന്ദി അദ്ധ്യാപിക | |
| 9. | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നു.<br><br>കഥയെ തിരക്കഥയായി മാറ്റുവാൻ അറിയുന്നു.<br><br>സ്വഭാവ ക്കുറിപ്പ്,ഡയറി എന്നിവ തയ്യാറാക്കുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നല്കുന്നു.<br><br>കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br><br>എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദേശം നല്കുന്നു. | നവംബർ<br><br>ജനുവരി | ഹിന്ദി അദ്ധ്യാപിക | |

**ഗവ. ഹൈസ്കൂൾ മൂന്നാട് 2025-26**
**അക്കാദമിക മാസ്റ്റർപ്ലാൻ**
**സോഷ്യൽ സയൻസ്**

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| 1. | വ്യത്യസ്ത ഇനം ഭൂപടങ്ങൾ, പർവ്വതങ്ങൾ, കാറ്റുകൾ, സമുദ്രങ്ങൾ, നേതാക്കൾ,സാമൂഹ്യ പരിഷ്കർത്താക്കൾ വിവിധ മോഡലുകൾ ഇവയെല്ലാം പരിചയപ്പെടുക. | ചരിത്ര കൊട്ടാരം : വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം, കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | സോഷ്യൽ ക്ലബ് കൺവീനറും കുട്ടികളും | അക്കാദമിക വർഷം മുഴുവനും | |
| 2. | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ പൊതുവിജ്ഞാനം വളർത്തുക. | ദിനാചരണങ്ങൾ, ക്വിസ്സ് എന്നിവ സംഘടിപ്പിക്കുക | അധ്യാപകർ | അക്കാദമിക വർഷം മുഴുവനും | പി.ടി.എ |
| 3. | വെയ്സ്റ്റ് മെറ്റീരിയൽ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉണ്ടാക്കാനുള്ള അറിവ് നേടുന്നു | ശില്പശാല സംഘടിപ്പിക്കുന്നു | സോഷ്യൽ ക്ലബ്ബ് കൺവീനർ | വർഷത്തിൽ രണ്ടു പ്രാവശ്യം | പി.ടി.എ |
| 4. | പഠന പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ ഉയർത്തുക | വിവിധതരം വർക്ക്ഷീറ്റുകൾ നൽകുന്നു. | അധ്യാപകർ | അക്കാദമിക വർഷം മുഴുവൻ | പി.ടി.എ |
| 5. | ഹരിതവിദ്യാലയം | പൂന്തോട്ട നിർമ്മാണം ഔഷധത്തോട്ടനിർമ്മാണം ഫലവൃക്ഷത്തോട്ട നിർമ്മാണം | അധ്യാപകരും കുട്ടികളും | അക്കാദമിക വർഷം മുഴുവൻ | പി.ടി.എ |
| 6. | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റുക | സ്കൂൾ പാർലമെൻ്റ് ഇലക്ഷൻ | അധ്യാപകർ ക്ലബ്ബുകൾ JRC | പ്രത്യേകം തെരഞ്ഞെടുത്ത ദിനങ്ങളിൽ | പി.ടി.എ |
| 7. | ആതുര സേവനം | വൃദ്ധ സദനങ്ങൾ, ലഹരിക്കടിമപ്പെട്ട് രോഗികളായിക്കഴിയുന്നവർ എന്നിവരെ സന്ദർശിക്കൽ. | സോഷ്യൽ ക്ലബ്ബ് JRC | വർഷത്തിൽ 2 പ്രാവശ്യം | പി.ടി.എ |
| 8. | സ്ഥാനനിർണ്ണയം, ഭൂപട വായന | കേരളം,ഇന്ത്യ,ലോകഭൂപടം എന്നിവയുടെ ഉപയോഗം കാര്യക്ഷമമാക്കൽ | സോഷ്യൽ സയൻസ് അധ്യാപിക | അക്കാദമിക വർഷം മുഴുവൻ | എസ്.എം.സി പി.ടി.എ |

ഗവ :ഹൈസ്കൂൾ മുന്നാട്

അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

മേഖല സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1.മഴക്കാല ശുചീകരണം,പരിസര ശുചീകരണം,വ്യക്തിശുചിത്വം എന്നിവയെക്കുറിച്ച് ധാരണ കൈവരിക്കൽ | .വീടും പരിസരവും ശുചീകരിക്കൽ.സ്കൂളും പരിസരവുംശുചീകരിക്കൽ,വ്യക്തിശുചിത്വം-ശീലിക്കേണ്ട കാര്യങ്ങൾ-പോസ്റ്റർനിർമ്മാണം,ചർച്ച,ക്ലാസ്സുകൾ | ജൂൺ ആദ്യ വാരം | സയൻസ് അധ്യാപകർ |
| 2.റോഡ് സുരക്ഷയെക്കുറിച്ച് ധാരണ കൈവരിക്കൽ | ബോധവൽക്കരണ ക്ലാസ്സുകൾ | ജൂൺ | അധ്യാപകർ |
| 3 ലഹരിമുക്ത വിദ്യാലയം കുട്ടികളിലെ ലഹരി ഉപയോഗം-ബോധവൽക്കരണം | ബോധവൽക്കരണ ക്ലാസ്സുകൾ | ജൂൺ ,ജൂലൈ | അധ്യാപകർ,പി.ടി.എ |
| 4 കുട്ടികളിലെ മുന്നറിവ് പരിശോധന | ആവശ്യമായ പ്രിടെസ്റ്റുകൾ നടത്തുന്നു. ഉചിതമായ മൂല്യനിർണയരീതികൾ പ്രയോജനപ്പെടുത്തുന്നു | ജൂൺ | സയൻസ് അധ്യാപകർ |
| 5.നിരീക്ഷണ പാടവം,നിഗമനരൂപീകരണം, ആസൂത്രണ മികവ് എന്നിവ പരിപോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു മോഡലുകൾ നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| 6.ശാസ്ത്ര പഠനരീതികൾ പരിചയപ്പെടുക | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രൊജക്ടുകൾ,സെമിനാറുകൾ എന്നിവ അവതരിപ്പിക്കാനുള്ള | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |

| | | | |
|---|---|---|---|
| | **അവസരം നൽകുന്നു** | | |
| **7.ശാസ്ത്രം മനുഷ്യനന്മയ്ക്ക്** | **ശാസ്ത്രത്തിൻെറ വളർച്ച മനുഷ്യരാശിക്ക് എത്രമാത്രം പ്രയോജനകരമാണെന്ന ധാരണ പാഠഭാഗങ്ങളിലൂടെ കടന്നു പോകുമ്പോൾ കുട്ടികളിലുണ്ടാക്കുന്ന തരത്തിലുണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ,സയൻസ് ക്ലബ്ബ്,സയൻസ് ലാബ്,ഐ.ടി ലാബ് തുടങ്ങിയവയുടെ സഹായത്തോടെ നൽകുന്നു** | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| **8 പ്രകൃതിയോട് ഇടപഴകിയുള്ള പഠനം** | **പ്രകൃതിയെ കുറിച്ചും പ്രകൃതിയോട് ഇണങ്ങി ജീവിക്കേണ്ടതിൻെറ ആവശ്യകതയെ കുറിച്ചും ബോധവാൻമാരാക്കാനുള്ള പ്രവർത്തനങ്ങൾ-** പച്ചക്കറിത്തോട്ടനിർമ്മാണം പൂന്തോട്ടനിർമ്മാണം വൃക്ഷതൈകൾ നട്ട് പരിപാലിക്കൽ **തുടങ്ങിയവ നടപ്പിലാക്കുന്നു** | അക്കാദമിക വർഷം | അധ്യാപകർ,പി.ടി.എ |

| ഗവ.ഹൈസ്കൂൾ മുന്നാട് 2025-26<br>മാസ്റ്റർ പ്ലാൻ -ഗണിതം (HS) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| 1. ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം മുതൽ | അധ്യാപകർ മുന്നാക്കം നിൽക്കുന്ന കുട്ടികൾ | പിടിഎ |
| 2. സംഘബോധം ഉണ്ടാക്കൽ | ഗണിത ക്ലബ്ബ് രൂപീകരണം, ഗണിതമേളക്ക് വേണ്ടിയുള്ള പരിശീലനങ്ങൾ | ജൂൺ ആദ്യവാരമുതൽ ആഴ്ചയിൽ ഒന്ന് വീതം | അധ്യാപകർ | ക്ലബ്ബ് അംഗങ്ങളുടെ രക്ഷിതാക്കൾ |
| 3. ഗണിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കൽ | ദിനാചരണങ്ങൾ | ഗണിത പ്രാധാന്യമുള്ള ദിവസങ്ങളിൽ | ഗണിത ക്ലബ്ബ് | പിടിഎ |
| 4. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ശില്പശാല | ജൂലായ്, നവംബർ | അധ്യാപകർ മുന്നാക്കം നിൽക്കുന്ന കുട്ടികൾ | ടീച്ചേഴ്സ് ഗ്രാന്റ് |
| 5. ജിയോജിബ്ര ഉപയോഗം | പരിശീലനം, പ്രദർശനം | ടേമിൽ ഒന്ന് | അധ്യാപകർ | ആവശ്യമില്ല |
| 6. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന രൂപങ്ങൾ,അവയുടെ അളവുകൾ പരിചയപ്പെടൽ | ശില്പശാല | വർഷത്തിൽ ഒന്ന് | അധ്യാപകർ ഗണിത ക്ലബ്ബ് പൂർവ്വ വിദ്യാർത്ഥികൾ | പിടിഎ |
| 7. ഗണിതലാബ് | ശില്പശാലകൾ വഴി നിർമ്മിച്ചെടുത്ത വസ്തുക്കൾ വഴി സമ്പുഷ്ടമാക്കുന്നു | തുടർപ്രവർത്തനം | അധ്യാപകർ ഗണിത ക്ലബ്ബ് | പിടിഎ |
| 8. നിത്യജീവിതത്തിൽ ഗണിതത്തിനുള്ള പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് | വർഷത്തിൽ ഒന്ന് | അധ്യാപകർ പിടിഎ | പിടിഎ |
| 9. ഗണിത ആശയങ്ങൾ കാഴ്ചയിൽ നിലനിർത്തൽ | സ്കൂൾ കോമ്പൗണ്ടിലെ ഗണിതവൽക്കരണം | തുടർപ്രവർത്തനം | അധ്യാപകർ വര,നിർമ്മാണം,ഗാർഡനിങ് പ്രാവീണ്യം ഉള്ള കുട്ടികൾ,പൂർവ്വ വിദ്യാർത്ഥികൾ | പിടിഎ |

## <u>ഉപസംഹാരം</u>

മുന്നാട് ഗവൺമെൻറ് ഹൈസ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിൻറെ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. കുട്ടിയുടെ സർവ്വതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന വിശ്വാസം ഞങ്ങൾക്കുണ്ട്. ആ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ചെയ്യുമെന്ന് രേഖപ്പെടുത്തുന്നു.